**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2395** **27-02-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി കൂടുതൽ ആളുകൾക്ക് ഗുണകരമാകുന്നതിന് നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ അംഗമാകാൻ കഴിയാതിരുന്നവർക്ക് പിന്നീട് അംഗമാകാൻ സാധിക്കാത്തത്പരിശോധിച്ചിട്ടുണ്ടോ; | (എ) | **മെഡിസെപ് പദ്ധതിയുടെ വിവര ശേഖരണത്തിന്റെ രണ്ടാം ഘട്ടം 06.05.2019 ലെ സർക്കുലർ നം.41/2019/ ധന പ്രകാരം ആരംഭിക്കുകയും ആയത് പദ്ധതി ആരംഭിച്ച് 60 ദിവസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുമുള്ള ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച (MoU) പ്രകാരം 30.08.2022-ൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | മെഡിസെപ്പ് പദ്ധതിയിൽ അംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുള്ളവരെ കൂടി പദ്ധതിയിൽ ചേർക്കുന്നതിന് നല്കിയിട്ടുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **06.05.2019 ലെ സർക്കുലർ നം.41/2019/ധന പ്രകാരം മെഡിസെപ് പദ്ധതിയുടെ വിവരശേഖരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുകയും ആയത് പദ്ധതി ആരംഭിച്ച് 60ദിവസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുമുള്ള ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച (MoU) പ്രകാരം മെഡിസെപ്പിൽ അംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി 30.08.2022ൽ അവസാനിച്ചു എങ്കിലും 30.09.2022 വരെ മെഡിസെപ് ൽ അംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (സി) | ആയതിനായി ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | **06.05.2019 ലെ സർക്കുലർ നം.41/2019/ധന പ്രകാരം മെഡിസെപ് പദ്ധതിയുടെ വിവരശേഖരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുകയും ആയത് പദ്ധതി ആരംഭിച്ച് 60ദിവസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുമുള്ള ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച (MoU) പ്രകാരം മെഡിസെപ്പിൽ അംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി 30.08.2022ൽ അവസാനിച്ചു എങ്കിലും 30.09.2022 വരെ മെഡിസെപ് ൽ അംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ഡി) | നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പദ്ധതിയിൽ അംഗമാകാനാകാത്തവർക്ക് അംഗമാകുന്നതിനും ആശ്രിതരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുള്ളവർക്ക് | (ഡി) | പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർ പെൻഷൻകാർ അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമയപരിധിയ്ക്കുള്ളിൽ അപേക്ഷ |

| | | | |
|---|---|---|---|
| | വിട്ടുപോയവരെ ഉൾപ്പെടുത്തുന്നതിനുമായി എത്ര അപേക്ഷകളാണ് നിലവിൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുള്ളതെന്ന കണക്ക് അറിയിക്കുമോ; | | സമർപ്പിക്കേണ്ടിയിരുന്നത് യഥാക്രമം അവരുടെ DDO, ട്രഷറി ഓഫീസർ എന്നിവർക്കാണ്. |
| (ഇ) | മറ്റ് ചികിത്സാപദ്ധതികൾ നിലവിലില്ലാത്ത ഖാദിബോർഡ് ഉൾപ്പടെയുള്ള കമ്പനി, കോർപ്പറേഷൻ, ബോർഡ് സ്വഭാവമുള്ള സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരെക്കൂടി മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | **23.06.2022 ലെ സ.ഉ.(പി) 70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച് 01.07.2022 മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ നിലവിലെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി ഇൻഷുറൻസ് കമ്പനിയുമായി ധാരണപത്രം ഒപ്പുവെച്ചു കഴിഞ്ഞ സ്ഥിതിയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരെ ഈ പോളിസി കാലയളവിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി വിഭാഗം ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്ന സമയത്ത് സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.** |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച വളരെ കുറഞ്ഞ പെൻഷൻ വാങ്ങുന്നവരും, ക്യാൻസർ, വൃക്കരോഗം തുടങ്ങിയ രോഗങ്ങൾകൊണ്ട് ദുരിതമനുഭവിക്കുന്നവരുമായവർക്കും മെഡിസെപ്പ് അനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഖാദിബോർഡ് ഉൾപ്പടെയുള്ള കമ്പനി, കോർപ്പറേഷൻ, ബോർഡ് സ്വഭാവമുള്ള സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരെക്കൂടി **ഈ പോളിസി കാലയളവിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി വിഭാഗം ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്ന സമയത്ത് സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ